# നിങ്ങളുടെ മനസ്സാക്ഷിയെ നിങ്ങളുടെ സഹായി ആയി അനുവദിക്കുന്നുണ്ടോ?

"നിങ്ങളുടെ മനസ്സാക്ഷി തന്നെ നിങ്ങളെ നയിക്കട്ടെ" എന്ന ഒരു പ്രയോഗം നിലവിലുണ്ട്. മനസ്സാക്ഷിയുടെ നിർദ്ദേശപ്രകാരം ഒരാൾ ജീവിക്കുകയാണെങ്കിൽ കുഴപ്പമൊന്നുമില്ല എന്ന ആശയം, പൊതുവിൽ തീർച്ചയാക്കിയിട്ടുള്ളതാണ്. ഈ പാഠത്തിൽ, നാം ചോദിക്കുന്നതു, "നിങ്ങളുടെ മനസ്സാക്ഷിയെ നിങ്ങളുടെ സഹായി *ആയി* നിങ്ങൾ അനുവദിക്കണോ?" എന്നാണ്. ഇതിനുള്ള എന്റെ ഉത്തരം ചില രാഷ്ട്രീയക്കാർ നല്കുന്ന ഉത്തരം പോലെ – "അതെ" എന്നും "അല്ല" എന്നും പറയാം. ഞാൻ പറഞ്ഞതിന്റെ അർത്ഥം നിങ്ങൾ കേട്ട് മനസ്സിലാക്കും എന്നു ഞാൻ കരുതുന്നു. നമുക്ക് "അല്ല" എന്ന ഉത്തരവുമായി ആരംഭിക്കാം:

### മതപരമായ കാര്യത്തിൽ മനസ്സാക്ഷി മാത്രം "അല്ല": നമ്മുടെ സഹായി

മനസ്സാക്ഷി ഒരു സുരക്ഷിത സഹായി അല്ല എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്. എപ്പോഴും തന്റെ മനസ്സാക്ഷിയനുസരിച്ചു ജീവിച്ച പൗലൊസിന്റെ ഉദാഹരണം നമുക്കു പരിഗണിക്കാം. അവൻ യെഹൂദ ന്യായാധിപസഭയോടു പറഞ്ഞു, "സഹോദരന്മാരെ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടു കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു" (പ്രവൃത്തികൾ 23:1). അവൻ അഗ്രിപ്പാ രാജാവിനോട്, "യേശുവിന്റെ നാമത്തിനു വിരോധമായി പലതും ചെയ്യേണമെന്നു ഞാനും വിചാരിച്ചു സത്യം" (26:9). അവൻ തിമൊഥെയൊസിനു എഴുതിയപ്പോൾ, അവൻ പറഞ്ഞു "ഞാൻ പൂർവ്വന്മാരുടെ ദൃഷ്ടാന്തം അനുസരിച്ചു നിർമ്മല മനസ്സാക്ഷിയോടെ ആരാധിക്കുന്ന, ദൈവത്തിന്"

(2 തിമൊഥെയൊസ് 1:3).

ക്രിസ്ത്യാനിയായിത്തീരുന്നതിനു മുൻപ് പൗലൊസ് ചെയ്ത കാര്യങ്ങൾ എപ്പോഴും മനസ്സാക്ഷിയുടെ അംഗീകാരം അനുസരിച്ചായിരുന്നു എങ്കിലും, അവൻ ചെയ്ത പലകാര്യങ്ങളും ദൈവത്തെ പ്രസാദിപ്പിക്കുന്നതായിരുന്നില്ല - യേശുവിനെ തള്ളിക്കളഞ്ഞതും, ക്രിസ്ത്യാനികളെ ഉപദ്രവിച്ചതും, നിരപരാധികളായ സ്ത്രീപുരുഷന്മാരെ കൊന്നതടക്കം. അഗ്രിപ്പാവിനോട് അവൻ പറഞ്ഞതു കൊണ്ട്:

> ... അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുമുണ്ട്, മഹാപുരോഹിതന്മോരോടു അധികാര പത്രം വാങ്ങി, വിശുദ്ധന്മാരിൽ പലരെയും തടവിലാക്കി അടെച്ചു. അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു. ഞാൻ എല്ലാ പള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചും കൊണ്ട്, ദൂഷണം പറവാൻ നിർബന്ധിക്കയും; അവരുടെ നേരെ അത്യന്തം ഭ്രാന്തു പിടിച്ചു, അന്യപട്ടണങ്ങളോളവും ചെന്നു അവരെ ഉപദ്രവിക്കയും ചെയ്തു (പ്രവൃത്തികൾ 26:10, 11).

അവൻ തിമൊഥെയൊസിനോടു പറഞ്ഞു "ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നെ, ആ പാപികളിൽ ഒന്നാമൻ ഞാൻ" (1 തിമൊഥെയൊസ് 1:15).

1 കൊരിന്ത്യർ 4:4-ൽ പൗലൊസ് പറഞ്ഞു, "എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും, അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല; എന്നെ വിധിക്കുന്നതു കർത്താവു ആകുന്നു." അവിടെ പറഞ്ഞ "ബോധം" എന്ന വാക്ക് ഗ്രീക്കിന്റെ ക്രിയാരൂപമായ "മനസ്സാക്ഷി" എന്നതിന്റെ മറ്റൊരു രൂപമാണ്. ഫലത്തിൽ, പൗലൊസ് പറഞ്ഞതു, "ഇതു ചെയ്തതിനാൽ മനസ്സാക്ഷി എന്നെ വിധിക്കുന്നില്ലെങ്കിലും, അതിനർത്ഥം ഞാൻ കുറ്റമില്ലാത്തവൻ എന്നല്ല; ഞാൻ ശരിയായിരുന്നോ തെറ്റായിരുന്നോ എന്നു വിധിക്കുന്നതു ദൈവം മാത്രമാണ്."

ബൈബിളിൽ നിന്നും എല്ലാവരുടേയും അനുഭവങ്ങളിൽ നിന്നും - മനസ്സാക്ഷി നമ്മുടെ സുരക്ഷിതസഹായി അല്ല എന്നതിനു ധാരാളം തെളിവുകൾ ഉണ്ട്. തെറ്റായ കാര്യങ്ങൾ അവരുടെ മനസ്സാക്ഷിക്കു ശരിയായി തോന്നിയിരുന്ന പല ആളുകളെയും, ബൈബിളിൽ പറയുന്നുണ്ട്. ഉദാഹരണമായി, യോസേഫിന്റെ രക്തം പുരണ്ട വസ്ത്രം കണ്ട യാക്കൊബ്, തന്റെ മകൻ വന്യമൃഗത്താൽ കൊല്ലപ്പെട്ടതായി വിശ്വസിച്ചു (ഉല്പത്തി 37:31-35).

ആളുകൾക്കു സത്യസന്ധമായി തെറ്റു ചെയ്യുവാനും ആത്മാർത്ഥമായി തെറ്റിപ്പോകാനും സാധ്യതയുണ്ട്. "ചിലപ്പോൾ ഒരു വഴി മനുഷ്യ നു ചൊവ്വായി തോന്നും, അതിന്റെ അവസാനമോ മരണവഴികൾ അ ത്രെ" (സദൃശവാക്യങ്ങൾ 14:12; കൂടാതെ 16:25). ഭോഷ്ക്ക് വിശ്വസിച്ചു നഷ്ടപ്പെട്ടു പോകാൻ സാധ്യതയുണ്ട് (2 തെസ്സലൊനിക്യർ 2:10-12). ഒരാളെ സ്വതന്ത്രമാക്കാൻ സത്യത്തിനു മാത്രമെ കഴിയു (യോഹന്നാൻ 8:32).

ജീവിതത്തിന്റെ ഏതു മേഖലയിലും നമുക്കു സഹായിയായി മനസ്സാക്ഷി മാത്രം പോരാ:[1] യാത്രയിൽ തെറ്റിപ്പോകാത്ത സഹായി അല്ല അത്; വാസ്തവത്തിൽ ഞാൻ തെറ്റായ ലക്ഷ്യത്തിലേക്കു സഞ്ചരിച്ചു കൊണ്ടിരുന്നപ്പോൾ ബോധപൂർവ്വം ഞാൻ ശരിയായി സഞ്ചരിക്കുന്നു എന്നാണ് വിശ്വസിച്ചത്. ആരോഗ്യത്തിന്റെ കാര്യത്തിലും അതു സുരക്ഷിതസഹായി അല്ല; ഡോക്ടർമാർ ബോധപൂർവ്വം ഞാൻ ശരിയായി സഞ്ചരിക്കുന്നു എന്നാണ് വിശ്വസിച്ചത്. ആരോഗ്യത്തിന്റെ കാര്യത്തിലും അതു സുരക്ഷിത സഹായി അല്ല, ഡോക്ടർമാർ ബോധപൂർവ്വം ചില രോഗികളെ ചികിത്സിച്ചു കഴിഞ്ഞ് പിന്നീടാണ് മനസ്സിലാക്കിയത്, അവർ തെറ്റായ രോഗത്തിനാണ് ചികിത്സിച്ചത് എന്ന് ബിസിനസ്സിൽ അതു മതിയായ സഹായിയല്ല; അനേകർ നല്ല മനസ്സാക്ഷിയോടെ നല്ല ബിസിനസ് ചെയ്യുകയും, അവസാനം അവർക്കുള്ളതെല്ലാം നഷ്ടമാകുകയും ചെയ്തു. വിവാഹത്തിലും അതു മതിയായ സഹായി അല്ല; ചില ദമ്പതികൾ തിരഞ്ഞെടുത്ത പങ്കാളികളെ ശരിക്ക് അറിഞ്ഞു എന്നു ധരിച്ചു എങ്കിലും പിന്നീടാണ് അവർ അറിയേണ്ടതുപോലെ അറിഞ്ഞില്ല എന്ന് അറിയുന്നത്. (യാക്കൊബ് ലേയയെ വിവാഹം കഴിക്കാൻ പോകുമ്പോൾ അവൻ വാസ്തവത്തിൽ വിചാരിച്ചത് അവൻ അവളുടെ സഹോദരി രാഹേലിനെയാണ് വിവാഹം കഴിക്കാൻ പോകുന്നതു എന്നത്രെ [ഉല്പത്തി 29:21 –30]!)

മതത്തിൽ സഹായി ആയി *എന്തുകൊണ്ട്* മനസ്സാക്ഷി മാത്രം പോരാ? പ്രാഥമിക കാരണം അതിനു ലഭ്യമായ *അറിവു* പരിമിതമാണ് എന്നതാണ്.

ഓരോരുത്തൻ വരുന്നതു മനസ്സാക്ഷിയോടുകൂടെ ആണെന്നു കഴിഞ്ഞ പാഠത്തിൽ നാം പഠിച്ചു. ചിലതു ശരിയാണെന്നും മറ്റു ചിലതു തെറ്റാണെന്നും വ്യക്തികൾ ജന്മവാസനയായി അറിയുന്നു. കൂടാതെ, ഭൂരിഭാഗം ആളുകളും ചില പ്രത്യേക പ്രവർത്തികൾ ശരിയാണെന്നും മറ്റു ചിലതു തെറ്റാണെന്നും അറിയുന്നുണ്ട്. (ഹിറ്റ്ലർ യെഹൂദന്മാരോട് പെരുമാറിയതു മോശമാണെന്നു മിക്കവരും കുറ്റപ്പെടുത്തുന്നതായി ഞാൻ മുൻപു പറയുകയുണ്ടായി.)

എങ്ങനെയായാലും, ആ അടിസ്ഥാനകാര്യങ്ങൾക്കപ്പുറമായി, ഒരാളുടെ മനസ്സാക്ഷി ശരിയും തെറ്റും വിലയിരുത്തുന്നതു അയാൾ പഠിച്ചതിന്റെ അടിസ്ഥാനത്തിലാണ്. അനേകർ വിഗ്രഹങ്ങളെ ആരാധിക്കുന്നു, ബഹുഭാര്യാത്വം പരിശീലിക്കുന്നു, അല്ലെങ്കിൽ അടിമകൾ ഉണ്ടാകുന്നു; എന്നാൽ അവരുടെ മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തുന്നില്ല കാരണം അവരെ പഠിപ്പിച്ചിരിക്കുന്നതു അങ്ങനെയാണ്. സംസ്ക്കാരങ്ങളിൽ വ്യത്യസ്ത പശ്ചാത്തലം ഒരുമിച്ചു ചേരുമ്പോൾ, മനസ്സാക്ഷിയിൽ പോരാട്ടമുണ്ടാകും. ബ്രിട്ടീഷുകാർ ഇന്ത്യയെ അവരുടെ സാമ്രാജ്യത്തിന്റെ ഭാഗമായി എടുത്തപ്പോൾ, ഇന്ത്യയിലെ ചില ദീർഘ - കാല ആചാരങ്ങൾ നീക്കം ചെയ്തു. അതിൽ ഒന്ന് ഭർത്താവു മരിച്ചു കഴിഞ്ഞാൽ ദഹിപ്പിക്കുന്ന ചിതയിൽ ഭാര്യ ചാടി മരിക്കുന്നതാണ്. ഇതിനെ വിലക്കിക്കൊണ്ട് ബ്രിട്ടീഷുകാർ ഒരു നിയമം ഇറക്കി. ഒരു ഇന്ത്യൻ മതാദ്ധ്യക്ഷൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്റെ അടുക്കൽ വന്നു അതിനെ എതിർത്തു പറഞ്ഞു: “ഞങ്ങളുടെ മനസ്സാക്ഷി പറയുന്നു വിധവ സതി

അനുഷ്ഠിക്കണം" എന്ന്. അതിന്നു ഉദ്യോഗസ്ഥൻ പറഞ്ഞ മറുപടി, "നിങ്ങൾ അങ്ങനെ ചെയ്താൽ, നിങ്ങളെ തൂക്കിക്കൊല്ലണമെന്ന് ഞങ്ങളുടെ മനസ്സാക്ഷി പറയുന്നു!"

കഴിഞ്ഞ പാഠത്തിൽ, മനസ്സാക്ഷി വിധിക്കുന്നതും, സാക്ഷ്യപ്പെടുത്തുന്നതും, വ്യവഹാര വിചാരണ സമിതി, അല്ലെങ്കിൽ ശിക്ഷ നടപ്പാക്കുന്നവൻ എന്നിവയെ ഒന്നായി യോജിപ്പിച്ച ഞാൻ താരതമ്യം ചെയ്തു. എങ്ങനെയായാലും, അതു ഒരു ന്യായാധിപന്റെ പ്രവൃത്തിയല്ല, സാക്ഷ്യമോ, വ്യവഹാര വിചാരണ സമിതിയോ, ശിക്ഷ നടപ്പാക്കുവാനോ അതു നിയമ കർത്താവല്ല. മറിച്ച്, അവയുടെ ഉദ്ദേശം നിയമം പ്രാബല്യത്തിൽ വരുത്തുക എന്നതാണ്. അതുപോലെ, മനസ്സാക്ഷി ഒരു നീതിന്യായ കോടതിയാണ്, അതു നിറവേറ്റുന്ന ഒരു ഘടകമാണ്, അല്ലാതെ നിയമനിർമ്മാണ സമിതിയല്ല. അതിനു ആത്മിയവും ധാർമ്മികവുമായ ലഭ്യമായ നിയമങ്ങൾ നിറവേറ്റുവാൻ മാത്രമെ കഴിയു.

1 കൊരിന്ത്യർ 8 മുതൽ 10 വരെയും റോമർ 14 ലും 15 ലും "ശക്തവും" "ബലഹീനവും" ആയ മനസ്സാക്ഷി എന്നു നിർവ്വചിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. "ശക്തമായ" മനസ്സാക്ഷി ഉള്ള ആളായിരുന്നു (റോമർ 15:1) വിഗ്രഹങ്ങളുടെ മുൻപിൽ വെച്ച മാസം തിന്നാമെന്ന ശരിയായ *അറിവുണ്ടായിരുന്ന* വ്യക്തി:

> വിഗ്രഹാർപ്പിതങ്ങളെ തിന്നുന്നതിനെക്കുറിച്ചോ, ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും, ഏകദൈവമല്ലാതെ ദൈവമില്ല എന്നും *നാം അറിയുന്നു* (1 കൊരിന്ത്യർ 8:4; ഊന്നൽ എന്റേത്).
>
> *അറിവുള്ളവനായ നീ,* ക്ഷേത്രത്തിൽ ഭക്ഷണത്തിനിരിക്കുന്നതു, ഒരുത്തൻ കണ്ടാൽ, ബലഹീനനാണെങ്കിൽ, അവന്റെ മനസ്സാക്ഷി, വിഗ്രഹാർപ്പിതങ്ങളെ തിന്നുവാൻ തക്കവണ്ണം ഉറെക്കയില്ലയോ? ആർക്കു വേണ്ടി യേശുക്രിസ്തു മരിച്ചുവോ, ആ ബലഹീന സഹോദരൻ ഇങ്ങനെ *നിന്റെ അറിവിനാൽ* നശിച്ചു പോകുന്നു (1 കൊരിന്ത്യർ 8:10, 11; ഊന്നൽ എന്റേത്).

നേരെ മറിച്ചു, "ബലഹീനത" മനസ്സാക്ഷി ഉള്ള ആൾക്കു (റോമർ 15:1) ആ അറിവില്ല: "എന്നാൽ *എല്ലാവരിലും ഈ അറിവില്ല;* ചിലർ, ഇന്നുവരെ വിഗ്രഹപരിചയം ഹേതുവായി, വിഗ്രഹാർപ്പിതം എന്നുവെച്ചു തിന്നുന്നു; അവരുടെ മനസ്സാക്ഷി *ബലഹീനമാകയാൽ* മലിനമായിത്തീരുന്നു" (1 കൊരിന്ത്യർ 8:7; ഊന്നൽ എന്റേത്).[2]

"ഒരു വ്യക്തിക്ക് അറിയാവുന്ന ഏറ്റവും ഉയർന്ന നിലവാരമാണ് മനസ്സാക്ഷി കൂട്ടിച്ചേർക്കുന്നത്" എന്ന് ആരോ പറയുകയുണ്ടായി. "അറിയുന്നു" എന്നതു പ്രവർത്തിക്കുന്ന വാക്കാണ്. പക്വതയുള്ള അറിവ് (അതായതു, വചനത്തെക്കുറിച്ചുള്ള അറിവ്) ഒരാളെ നന്മയും തിന്മയും വിവേചിക്കുവാൻ പ്രാപ്തനാക്കുന്നു (എബ്രായർ 5:13, 14).

അതുകൊണ്ട്, ഏറ്റവും പ്രധാന ചോദ്യം, "എന്റെ മനസ്സാക്ഷി ശരി എന്നു പറയുന്നതു ചെയ്യുന്നത്?" അല്ല എന്നാൽ "*ദൈവത്തിന്റെ വചനം*

എന്തു ശരി എന്നു പറയുന്നു?" എന്നതാണ്. നാം വായിക്കുന്നു, "പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ തന്നെത്താൻ പുകഴ്ത്തുന്നവനല്ല, കർത്താവു പുകഴ്ത്തുന്നവൻ അത്രേ കൊള്ളാക്കുന്നവൻ" (2 കൊരിന്ത്യർ 10:18).

"അതു സുരക്ഷിതമായി വഴി നടക്കുന്നേടത്തോളം മനസ്സാക്ഷി ഒരു സുരക്ഷിത സഹായി" ആണെന്നു ആരോ ജ്ഞാനത്തോടെ പറഞ്ഞിട്ടുണ്ട് – അതായത്, "വചനം ഉപദേശിക്കുന്നതനുസരിച്ചു ഇതാണ് സുരക്ഷിത സഹായി." "ആളുകൾ ബോധവാന്മാരല്ലേ?" എന്നതല്ല ചോദ്യം. അവർ ശിശു"സ്നാനം" പരിശീലിക്കുന്നതു കാണുമ്പോൾ, കർത്തൃമേശ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലല്ലാതെ എടുക്കുമ്പോൾ, അല്ലെങ്കിൽ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതും.  മറിച്ച്, ചോദിക്കേണ്ട ചോദ്യം "ഈ വിഷയങ്ങളെക്കുറിച്ചു ബൈബിൾ എന്തു പഠിപ്പിക്കുന്നു എന്നതാണ്?"

അതുകൊണ്ട് മനസ്സാക്ഷി ഒരു മതപരമായ സഹായി അല്ല കാരണം അതിനു ലഭിക്കുന്ന അറിവു പരിമിതമാണ്. നമ്മെ എപ്പോഴും ശരിയായി നയിക്കുവാൻ മനസ്സാക്ഷിയെ പൂർണ്ണമായി ആശ്രയിക്കരുതെന്നു പറയാൻ രണ്ടാമത് ഒരു കാരണം കൂടെയുണ്ട്: ഏതൊരു കാര്യത്തിലും തങ്ങളെ നേർ വഴിക്ക് നയിക്കാതിരുന്നതുകൊണ്ട് ചിലർ മനസ്സാക്ഷിയെ സുരക്ഷിത സഹായി ആയി എടുക്കുന്നില്ല.  മനസ്സാക്ഷി ശക്തമായി നിലനില്ക്കുവാൻ, അതിനെ അഭ്യസിപ്പിക്കണം (പ്രവൃത്തികൾ 24:16; കെജെവി).

ആളുകൾ മനസ്സാക്ഷിയെ അവഗണിക്കുമ്പോൾ, അതു മലിനമായിതീരുന്നു (തിത്തൊസ് 1:15). ചൂടു വെക്കുകയും ചെയ്യുന്നു (1 തിമൊഥെയൊസ് 4:2). മലിനപ്പെട്ടതും ചൂടുവെച്ചതുമായ മനസ്സാക്ഷി, ഉദ്ദേശം നടപ്പിലാക്കാത്ത അഴുക്കു പിടിച്ച ജനാലയോട് താരതമ്യം ചെയ്യാം. ഇതുപോലെ ഒരു ചിത്രീകരണം മത്തായി 6-ൽ യേശു ഉപയോഗിച്ചിട്ടുണ്ട്:

> ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു. കണ്ണു ചൊവ്വുള്ളതെങ്കിൽ, നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ, നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുളായാൽ, ഇരുട്ടു എത്ര വലിയത് (മത്തായി 6:22, 23; എൻ സി വി).

ആത്മിയ കാര്യങ്ങളെ വിവേചിക്കുന്നത് കഴിവിനെ സൂചിപ്പിക്കുവാനാണ് യേശു "കണ്ണു" എന്ന വാക്ക് ഉപയോഗിച്ചത്. ഭൗതിക കണ്ണിനു കാഴ്ച്ചയില്ലെങ്കിൽ, ശരീരം മുഴുവൻ ഇരുണ്ടതായിരിക്കും. അതുപോലെ, നന്മയും തിന്മയും വിവേചിക്കുവാനുള്ള കഴിവു നഷ്ടമായാൽ, ഒരാൾ ആത്മിയ അന്ധതയിൽ ആകും.

തെറ്റായ വിവരങ്ങളും ദുരുപയോഗവും, മനസ്സാക്ഷിയുടെ വിധിവ്യവസ്ഥ തലതിരിഞ്ഞു പോകാൻ സാധ്യതയുണ്ട്. യെശയ്യാവ് പറയുന്നു "തിന്മക്കു നന്മ എന്നും, നന്മക്കു തിന്മ എന്നും പേർ പറകയും; ഇരു

ട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം" (യെശയ്യാവ് 5:20). "ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു" എന്നാണ് പൗലൊസ് പറയുന്നത് (ഫിലിപ്പിയർ 3:19).

മനസ്സാക്ഷിയുടെ അവമാനകരമായ ഈ അവസ്ഥയെ ചിത്രീകരിച്ചിരിക്കുന്നത് എന്റെ രണ്ടാമത്തെ ചോദ്യത്തിനുള്ളത്തരം നല്കേണ്ടിയിരിക്കുന്നു "നിങ്ങളുടെ മനസ്സാക്ഷിയെ നിങ്ങൾ നിങ്ങളുടെ സഹായി ആക്കണോ?":

### "അതെ": നാം മനസ്സാക്ഷിയുടെ നിർദ്ദേശങ്ങളെ അവഗണിക്കരുത് പ്രത്യേകിച്ച് അഭിപ്രായങ്ങളിൽ

മതത്തിൽ മനസ്സാക്ഷി മാത്രം സുരക്ഷിതസഹായി അല്ലെന്നു നാം മനസ്സിലാക്കിയതുകൊണ്ട്, നാം മനസ്സാക്ഷിക്കു പ്രാധാന്യമില്ല എന്നു തീരുമാനിക്കാനിടയുണ്ട്; അതു സത്യത്തിൽ നിന്നകലെയാണ്. നാം മനസ്സാക്ഷിയെ ലംഘിക്കുമ്പോൾ, നാം പാപം ചെയ്യുന്നതായി പൗലൊസ് പറയുന്നു:

> യാതൊന്നും സ്വതവെ മലിനമല്ലെന്നു ഞാൻ കർത്താവായ യേശുവിൽ അറിഞ്ഞും ഉറപ്പിച്ചുമിരിക്കുന്നു; വല്ലതും മലിനം എന്നു എണ്ണുന്നവന്നു മാത്രം, അതു മലിനം ആകുന്നു (റോമർ 14:14).
>
> എന്നാൽ സംശയിക്കുന്നവൻ തിന്നുന്നു എങ്കിൽ, അതു വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കായ്ക കൊണ്ട് അവൻ കുറ്റക്കാരനായിരിക്കുന്നു; വിശ്വാസത്തിൽ നിന്നു ഉത്ഭവിക്കാത്തതൊക്കെയും പാപമത്രേ (റോമർ 14:23).

ഇവിടെ പറഞ്ഞിരിക്കുന്ന "വിശ്വാസം" ദൈവവചനത്തിൽ നിന്നുള്ള വിശ്വാസമല്ല (റോമർ 10:17), മറിച്ച് ഒരാൾ തന്റെ വിലയിരുത്തലനുസരിച്ചു, ശരി എന്നും തെറ്റെന്നും *വിശ്വസിക്കുന്നതാണ്*. ഒരാൾ താൻ വിശ്വസിക്കുന്ന ശരിക്കും തെറ്റിനും എതിരായി പ്രവർത്തിച്ചാൽ (മറ്റൊരർത്ഥത്തിൽ, മനസ്സാക്ഷിയെ ലംഘിച്ചാൽ), പൗലൊസ് പറയുന്നു ആ വ്യക്തി പാപം ചെയ്തു കുറ്റമുള്ളവനായിത്തീരുന്നു.[3]

മനസ്സാക്ഷിയെ ലംഘിക്കുന്നത് എന്തുകൊണ്ടാണ് പാപം ആകുന്നത്? കാരണം ഓരോ തവണയും അയാൾ തന്റെ മനസ്സാക്ഷിക്കു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ, അയാൾ മനസ്സാക്ഷിയെ ഫലമില്ലാതാക്കുന്നു. ദൈവം - നല്കിയ സുരക്ഷിതസഹായിയെ അയാൾ നശിപ്പിക്കുന്നു. കഴിഞ്ഞ പാഠത്തിൽ, ഞാൻ മനസ്സാക്ഷിയെ നാഡീവ്യൂഹത്തോടു താരതമ്യം ചെയ്തിരുന്നു. തീയിൽ നിന്ന് അകന്നു നില്ക്കാൻ എന്റെ നാഡീവ്യൂഹം മുന്നറിയിക്കുന്നതു ഞാൻ അവഗണിച്ചാൽ, അധികം താമസിയാതെ എന്റെ നാഡീവ്യൂഹം നശിച്ചുപോകും (അതോടു കൂടെ ഞാനും!).

ഒരു യുവതി മനസ്സാക്ഷിയെ മുനയോടുകൂടിയ ഒരു ചക്രം നമ്മിൽ കറങ്ങുന്നതിനോടു താരതമ്യം ചെയ്യുകയുണ്ടായി. "നാം അരുതാത്ത

കാര്യങ്ങൾ ചെയ്യുമ്പോൾ, മുനയുള്ള ഭാഗം നമ്മെ വേദനിപ്പിക്കുന്നു!" എന്നവൾ പറഞ്ഞശേഷം കൂട്ടിച്ചേർത്തു, "അരുതാത്ത കാര്യങ്ങൾ നാം തുടർന്നും ചെയ്തുകൊണ്ടിരുന്നാൽ, മുന തേഞ്ഞു തേഞ്ഞു പിന്നെ അധികം വേദനിക്കാതെയും ഇരിക്കും." നമുക്ക് അതിനോടു ഇതുകൂടെ ചേർക്കാം: "പിന്നെ അരുതാത്തതു ചെയ്തുകൊണ്ടേ ഇരുന്നാൽ, ചക്രത്തിന്റെ മുനക്കു മൂർച്ച ഒട്ടും ഇല്ലാതാകുകയും, അതു വേദനിപ്പിക്കാതിരിക്കയും ചെയ്യും."

മനസ്സാക്ഷിയെ അവഗണിക്കുന്നതിന്റെ അപകടത്തെ ചിത്രീകരിക്കുന്ന ഒരു കഥ ഞാൻ ഒരിക്കൽ വായിക്കയുണ്ടായി. സ്ക്കോട്ട്ലന്റിലെ ചതിക്കുന്ന ഒരു കടൽക്കരയിൽ കപ്പൽയാത്രക്കാർക്കുള്ള ഒരു മുന്നറിയിപ്പു മാർഗ്ഗദർശിയായി ഒരു പൊഖത്തിയും ബെല്ലും ഘടിപ്പിച്ചിരുന്നു. ഒരു കപ്പിത്താൻ ആ പ്രദേശവാസികൾക്ക് എതിരായിത്തീർന്നു. മദ്യപിച്ചു രോഷാകുലനായി അദ്ദേഹം അവരോടുള്ള പ്രതികാരമായി ആ പൊഖത്തിയിലെ ബെല്ല് അറുത്തുകളഞ്ഞു. പിന്നീട്, ആ കപ്പിത്താന്റെ കപ്പൽ ആ തീരത്തിനടുത്തു കൊടുങ്കാറ്റിൽ പെട്ടു. അദ്ദേഹം ആ ബെല്ലടിക്കു വേണ്ടി കാതോർത്തു അതുണ്ടായിരുന്നെങ്കിൽ സുരക്ഷക്കു സഹായമായേനെ, പക്ഷെ അദ്ദേഹം ശ്രദ്ധിച്ചതു വെറുതെയായി. അയാളുടെ വിഡ്ഢിത്തം കാരണം മുന്നറിയിപ്പു കിട്ടാതിരുന്നതുകൊണ്ട്, അയാളും കപ്പലിലുണ്ടായിരുന്നവരും മുങ്ങി മരിച്ചു. ഈ ഗുണപാഠത്തോടെയാണ് കഥ അവസാനിക്കുന്നത്: ഒരാൾ തന്റെ മനസ്സാക്ഷിയെ മൂടിവെച്ചാൽ, അത് അവന് ആവശ്യം ഉള്ളപ്പോൾ അത് അവിടെ കാണുകയില്ല.

പൗലൊസ് വ്യത്യസ്തവും കടൽസംബന്ധവുമായ ഒരു ചിത്രീകരണമാണ് 1 തിമൊഥെയൊസ് 1:19-ൽ ഉപയോഗിച്ചിരിക്കുന്നതു: "ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ടു, അവരുടെ വിശ്വാസക്കപ്പൽ തകർന്നു പോയി." "തള്ളിക്കളഞ്ഞ" ഒരു മനസ്സാക്ഷി ഒരു കപ്പലിന്റെ വടക്കു നോക്കി യന്ത്രം ശരിയല്ലാതിരിക്കുന്നതിനോടു താരതമ്യം ചെയ്യാം, അതുകൊണ്ട്, കപ്പൽഛേദം സംഭവിക്കാൻ ഇടയാകും.

ഒരു മനസ്സാക്ഷിയെ ആവർത്തിച്ചു അവഗണിച്ചാൽ സംഭവിക്കുന്നതു മനസ്സിലാക്കുവാൻ ബൈബിളിൽ അതിനെ വിവിധ പേരുകളിൽ ഉപയോഗിച്ചിട്ടുണ്ട്. ഞരമ്പുകളുടെ അവസാനം ചൂടുപിടിച്ചാൽ അതു പിന്നീട് പ്രവർത്തിക്കാതിരുന്നതുപോലെയാണ് അവഗണിക്കപ്പെട്ട മനസ്സാക്ഷി എന്നു നാം കണ്ടുവല്ലൊ (1 തിമൊഥെയൊസ് 4:2). എങ്ങനെയായാലും, എന്നെ ഞെട്ടിക്കുന്നതു, യേശു മത്തായി 6:22, 23-ൽ ഉപയോഗിച്ച ചിത്രീകരണമാണ്, അതിൽ അവൻ പറഞ്ഞതു കണ്ണുകൾ ഇരുണ്ടു പോകുന്നതായിട്ടാണ്. ഓരോ സമയത്തും നാം പാപം ചെയ്യുമ്പോൾ, നമ്മുടെ കാഴ്ച്ച കുറേശ്ശെ ഇല്ലാതാകുന്നു എന്നു നാം അറിഞ്ഞാലോ? ഇതു നമ്മെ പാപം ചെയ്യാതിരിക്കാൻ സഹായിക്കയില്ലേ? നാം നമ്മുടെ മനസ്സാക്ഷിയെ ലംഘിക്കുമ്പോൾ ഭൗതികമായ കാഴ്ച്ച നഷ്ടപ്പെടുന്നില്ലെങ്കിലും, നമ്മുടെ ആത്മിയ കാഴ്ച്ച നഷ്ടപ്പെടും എന്ന് കർത്താവു പറഞ്ഞു. പാപം ചെയ്യാതിരിക്കുന്നതിനുള്ള ശക്തമായ പിന്തിരിപ്പിക്കൽ ആയിരിക്കും ഇത്.

മനസ്സാക്ഷിയെ ലംഘിച്ചു നിശബ്ദമാക്കിയ അസംഖ്യം സ്ത്രീപുരുഷന്മാരുടെ ചിത്രീകരണങ്ങൾ അടങ്ങുന്നതാണ് ബൈബിൾ. ശൗൽ

രാജാവ്, വലിയ വാഗ്ദാനത്തോടെയാണ് തന്റെ വാഴ്ച്ച ആരംഭിച്ചതെങ്കിലും അധികാര പരീക്ഷണങ്ങൾക്കിരയായിത്തീർന്നു. അവസാനം, അവന്റെ മനസും ഹൃദയവും കഠിനപ്പെടുകയും അവന്റെ ആത്മാവു അവനിൽ നിന്നു നീക്കികളയുകയും ചെയ്തു (1 ശമുവേൽ 16:14).

ഏറ്റവും ഞെട്ടിക്കുന്ന ഉദാഹരണങ്ങളിൽ ഒന്ന് ശൗലിന്റെ പിൻഗാമിയായിരുന്ന, ദാവീദായിരുന്നു. സാധാരണ ബലഹീന മനസ്സാക്ഷിയുള്ള മനുഷ്യൻ പാപത്തിന്മേൽ പാപം കൂട്ടിച്ചേർക്കും, ആഴ്ചകളോളം തന്റെ മനസ്സാക്ഷിയെ ഞെക്കി കൊല്ലും. അയാൾക്ക് തന്റെ മനസ്സാക്ഷിയെ ഉണർത്തുവാൻ ഒരു സ്നേഹിതൻ അല്ലെങ്കിൽ (2 ശമുവേൽ 12:1–14), അയാൾ എന്നേക്കുമായി നശിച്ചുപോകും.

ഒരാളുടെ മനസ്സാക്ഷിയിലേക്കു തെറ്റായി വിവരങ്ങൾ നല്കിയാൽ, അതിന് പുനർവിദ്യാഭ്യാസം ചെയ്യേണ്ടതായിട്ടുണ്ട്. അതിനിടയിൽ – *അത്* പുനർവിദ്യാഭ്യാസം നടത്തുന്നതുവരെ – അയാൾ അതിന്റെ നിർദ്ദേശങ്ങളെ അവഗണിക്കരുത്. ഒരു ചിത്രീകരണമായി, ഒരാളുടെ ആയുഷ്ക്കാലം മുഴുവൻ ചില സാഹചര്യങ്ങളിൽ മാംസം തിന്നരുതെന്നു ദൈവം ആഗ്രഹിക്കുന്നു എന്നു പറയുന്നതായി ഊഹിക്കുക. ഒരാൾക്കു മാംസം ഭക്ഷിക്കണം എന്നുണ്ടെങ്കിൽ, തിന്നുന്നതിൽ ഒരു തെറ്റുമില്ല എന്നു ബൈബിൾ പഠിപ്പിക്കുന്നു (1 തിമൊഥെയൊസ് 4:1–5). എങ്ങനെയായാലും, ആ വ്യക്തി ബൈബിളിലെ സത്യം പഠിപ്പിക്കുന്നതുവരെ, അയാൾ മുൻപു ചെയ്തതുപോലെ അയാൾ മാംസം ഭക്ഷിക്കുന്നതു ഒഴിവാക്കണം. ഈ തത്വത്തെ സുരക്ഷിതമല്ലെന്നു തോന്നുന്ന ഒരു പാലം നാം കടക്കുന്നതുപോലെയാണ്. പാലം സുരക്ഷിതമല്ല എന്ന തോന്നൽ ഉള്ളേടത്തോളം, നാം പാലത്തിൽ കയറരുത്. അവസാനം നമ്മുടെ കനം താങ്ങുവാൻ പാലത്തിനു കഴിയുമെന്നു ഉറപ്പുതോന്നിയാൽ, കടക്കാം – അല്ലാതെ അതിനു മുൻപ് അരുത്.

മനസ്സാക്ഷിയെ പുനർവിദ്യാഭ്യാസം നടത്തുന്ന പ്രക്രിയ തുടർന്നു കൊണ്ടുപോകേണ്ടതാണ്. നാം അതെങ്ങനെ ചെയ്യും? ആദ്യം, ഉത്സാഹത്തോടെ ദിവസവും ബൈബിൾ ആയിരിക്കണം, നിരന്തരമായി നമ്മുടെ ജീവിതത്തിൽ ദൈവേഷ്ടം എന്തെന്നു നന്നായി മനസിലാക്കുവാൻ ശ്രമിക്കണം. രണ്ടാമത്, ദൈവവചനവെളിച്ചത്തിൽ നമ്മുടെ മനസ്സിലാക്കൽ പരിശോധിക്കുവാൻ ഭയപ്പെടാത്ത തുറന്ന മനസ്സുണ്ടായിരിക്കണം.

അതിനിടയിൽ, ദീർഘ – കാലമായുള്ള നമ്മുടെ നിശ്ചയം തിരുവെഴുത്തുകൾ പരിശോധിച്ചും തെറ്റാണെന്നു ബോധ്യപ്പെട്ടാൽ, നമ്മുടെ മനസ്സാക്ഷി പറയുന്നതു ചെയ്യുക. നവോത്ഥാനകർത്താവായിരുന്ന, മാർട്ടിൻ ലൂദർ, വിചാരണവേളയിൽ, ഈ പ്രത്യേക പ്രസ്താവന നടത്തി:

> തിരുവെഴുത്തുകളാലും തുറന്ന വിചിന്തനത്താലും എനിക്കു ബോധ്യമാകുംവരെ – ഞാൻ പോപ്പുമാരുടെയും ന്യായാധിപസഭയുടെയും അധികാരത്തെ ഞാൻ സ്വീകരിക്കയില്ല, കാരണം അവർ പരസ്പരം വൈപരീത്യത്തിലാണ് – എന്റെ മനസ്സാക്ഷി ഞാൻ ദൈവവചനത്തിൽ ഏല്പിച്ചിരിക്കയാണ്. എനിക്ക് മനസ്സാക്ഷിക്കു വിരുദ്ധമായി ചെയ്യുവാൻ കഴിയുകയില്ല, കാരണം മനസ്സാക്ഷിക്കു

വിരുദ്ധമായി പോകുന്നതു ശരിയോ സുരക്ഷിതമോ ആയിരിക്കയില്ല ദൈവം എന്നെ സഹായിക്കട്ടെ. ആമേൻ.[4]

**ഉപസംഹാരം**

"നിങ്ങളുടെ സഹായിയായി മനസ്സാക്ഷിയെ അനുവദിക്കാമോ?" എന്ന ചോദ്യത്തിനു "അതെ/അല്ല" എന്ന രണ്ടർത്ഥമെന്നു തോന്നിക്കുന്ന ഉത്തരം ഞാൻ നല്കിയതു ഇപ്പോൾ നിങ്ങൾക്കു മനസ്സിലായി കാണുമെന്നു ഞാൻ കരുതുന്നു. മതപരമായ കാര്യത്തിൽ, മനസ്സാക്ഷി ആയിരി*ക്കരുത്* നമ്മുടെ സഹായി. നേരെ മറിച്ചു, ദൈവം – വെച്ചിരിക്കുന്ന സുരക്ഷിതത്വം നിഷേധിക്കുന്നതു ഒഴിവാക്കുവാൻ നാം മനസ്സാക്ഷിയുടെ നിർദ്ദേശങ്ങൾ *തീർച്ചയായും* അനുസരിക്കണം. നാം എപ്പോഴും നമ്മുടെ മനസ്സാക്ഷികളെ വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കയും നമ്മുടെ എന്താണ് ശരി എന്താണ് തെറ്റ് എന്ന ആശയങ്ങളെ ശുദ്ധീകരിക്കയും വേണം.[5]

മനസ്സാക്ഷി ദൈവം ആഗ്രഹിക്കുന്നതുപോലെ ആണെങ്കിൽ, അതു *ഫലപ്രദവും, ബോധ്യം വരുത്തുന്നതും, അഭ്യസിക്കുന്നതുമാകും.* നമ്മുടെ ഒന്നാമത്തെ പാഠത്തിൽ, ഫലപ്രദമായ ഒരു മനസ്സാക്ഷിയുടെ ആവശ്യത്തെ ഊന്നിയാണ് നമ്മുടെ ഒന്നാമത്തെ പാഠത്തിൽ നാം പഠിച്ചത്; ഈ പാഠത്തിൽ, ഊന്നിയതു ബോധ്യം വരുത്തുന്ന മനസ്സാക്ഷിയുടെ ആവശ്യത്തെ ആണ്; അടുത്ത പാഠത്തിൽ, നാം അഭ്യസിക്കുന്ന ഒരു മനസ്സാക്ഷി ഉണ്ടാകേണ്ട ആവശ്യകതയാണ് നോക്കാൻ പോകുന്നത്.

നാം അവസാനിപ്പിക്കുമ്പോൾ, 1 പത്രൊസ് 3:21 പരിഗണിക്കാം. ആ വേദഭാഗത്തിൽ, പത്രൊസ് "യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ സ്നാനവും ... നമ്മെ രക്ഷിക്കുന്നു" എന്നാണ് പത്രൊസ് ഊന്നൽ കൊടുത്തത്. എങ്ങനെയായാലും, അവൻ സൂചിപ്പിച്ചത്, സ്നാനം "ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ." മറ്റൊരർത്ഥത്തിൽ, സ്നാനപ്പെടേണ്ട ഒരു കാരണം കുറ്റമുള്ള മനസ്സാക്ഷി നീങ്ങിപ്പോകുന്നതിനാണ്.

ദൈവവചനം പറയുന്നു നിങ്ങൾ യേശുവിൽ വിശ്വസിക്കണം (ആശ്രയം) (യോഹന്നാൻ 3:16), നിങ്ങളുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടണം (പ്രവൃത്തികൾ 17:30), നിങ്ങളുടെ ഹൃദയത്തിലെ വിശ്വാസം ഏറ്റുപറയണം (റോമർ 10:9, 10), പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും വേണം (വെള്ളത്തിൽ മുങ്ങൽ) (പ്രവൃത്തികൾ 2:38), മരണത്തോളം വിശ്വസ്തരായിരിക്കയും വേണം (വെളിപ്പാട് 2:10). നിങ്ങളുടെ മനസ്സാക്ഷി ബോധ്യം *വരുത്തുന്നുവെങ്കിൽ,* ഈ ഉപദേശങ്ങൾ സത്യമാണെന്നു നിങ്ങളുടെ മനസ്സാക്ഷി സമ്മതിക്കും. നിങ്ങളുടെ മനസ്സാക്ഷി *ഫലപ്രദമെങ്കിൽ,* ഈ കാര്യങ്ങൾ ചെയ്യണമെന്ന് അതു പറയും. ഇപ്പോൾ, നിങ്ങളുടെ മനസ്സാക്ഷിയെ *അഭ്യസിപ്പിക്കണം* അതായതു ചെയ്യേണ്ടത് അറിഞ്ഞാൽ ചെയ്യുക. ഇപ്പോൾ തന്നെ – നിങ്ങളുടെ മനസ്സാക്ഷി ദൈവത്തോട് "ഉവ്വ്" എന്നു പറയട്ടെ!

കുറിപ്പുകൾ

[1]ഈ ചിത്രീകരണങ്ങൾ ഏ.ജി. ഹോബ്സ്, ജൂനിയർ, അദ്ദേഹത്തിന്റെ ലഘുലേഖ "മനസ്സാക്ഷി സുരക്ഷിത സഹായി ആണോ?" എന്നതിൽ നിന്നുള്ളതാണ്. (ഫോർട്ട് വർത്ത്, ടെക്സാസ്.: ബൈ ദ ആദർ, എൻ.ഡി.), 1–5. കരുതിക്കൂട്ടിയ ജാതിയ ചിത്രീകരണങ്ങൾ ആണിത്. ബോധപൂർവ്വം തെറ്റുകൾ ചെയ്യുന്ന വ്യക്തിപരമായ ഉദാഹരണങ്ങൾ കൂടെ ചേർത്തു ഇതു വിപുലപ്പെടുത്താം. [2]"ശക്തം" എന്നതു എല്ലാ കാര്യത്തിലും അറിവുള്ള എന്ന് അർത്ഥമാക്കരുത്, മറിച്ച് പരിഗണിക്കേണ്ട കാര്യത്തിൽ എന്നാണ്. ഒരു കാര്യത്തിൽ "ശക്തമായ (അറിവുള്ള) മനസ്സാക്ഷി" ഉണ്ടാവുക എന്നതു സാധ്യമാണ്. അതുപോലെ "ബലഹീനമായ (അജ്ഞതയുള്ള) മനസ്സാക്ഷി മറ്റൊന്നിലും" ഉണ്ടാകാനിടയുണ്ട്. ഇതായിരിക്കാം റോമർ 14; 15–ൽ *രണ്ടു* വിഷയങ്ങൾ പരിഗണിക്കുന്നത്: യെഹൂദക്രിസ്ത്യാനികൾക്കു വിഗ്രഹങ്ങൾക്കു വെച്ച മാംസം ഭക്ഷിക്കുന്നതിൽ ഉണ്ടാകും, എന്നാൽ യെഹൂദ പെരുന്നാൾ ആചരിക്കുന്നതിൽ ബലഹീന മനസ്സാക്ഷിയും, യെഹൂദ പെരുന്നാൾ ആചരിക്കുന്നതിൽ ശക്തമായ മനസ്സാക്ഷിയും ആണുണ്ടാകുക. [3]പുസ്തകം ശ്രദ്ധിച്ചു വായിക്കുക: ഞാൻ വിശ്വസിക്കുന്ന ചില തെറ്റുകൾ, മറ്റുള്ളവർക്കു തെറ്റാകണമെന്നില്ല, പക്ഷെ അതു സ്വാഭാവികമായി എനിക്കു തെറ്റാണ്. [4]റോലാന്റ് എച്ച്. ബെയിന്റൺ, *ഹിയർ ഐ സ്റ്റാന്റ്: എ ലൈഫ് ഓഫ് മാർട്ടിൻ ലൂദർ* (നാഷ്‌വില്ലെ, ടെന്നസി.: അബിങ്ങ്ഡൻ പ്രെസ്, 1950; മെന്റർ ബുക്ക്സ്, 1955), 144. [5]ഈ പാഠത്തിലെ മുഖ്യതത്വങ്ങളെ പുനരവലോകനം ചെയ്യുന്നതിന് കൂടുതൽ സമയം ചെലവിടുക.

© 2009 Truth for Today